**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 466** **11-06-2024 - ൽ മറുപടിയ്ക്ക്**

**കിഫ്‌ബി ഫണ്ട് ഉപയോഗിച്ച് പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്‌ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന വക്കം - കായിക്കരക്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ? | (എ) | കിഫ്‌ബി മുഖാന്തിരം നടപ്പിലാക്കുന്ന ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ വക്കം – കായിക്കരക്കടവ് പാലം നിർമ്മാണ പ്രവൃത്തിയ്ക്ക് 10/07/2017-ലെ സ.ഉ(സാധാ)നം.942/2017/PWD നമ്പർ ഉത്തരവ് പ്രകാരം 25 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. പദ്ധതിയ്ക്കായി നിർവ്വഹണ ഏജൻസി സമർപ്പിച്ച DPR കിഫ്‌ബി അവലോകനം നടത്തി ഭൂമിയേറ്റെടുക്കലിന് മാത്രമായി കിഫ്‌ബി 11/02/2020-ലെ നടപടിക്രമ ഉത്തരവ് പ്രകാരം 5.50 കോടിയുടെ ധനാനുമതി നൽകിയിരുന്നു. തുടർന്ന് 11/10/2023-ലെ നടപടിക്രമ ഉത്തരവ് പ്രകാരം ധനാനുമതി 6.98 കോടിയായി പുതുക്കി നൽകുകയും ചെയ്തിരുന്നു. ഭൂമിയേറ്റെടുക്കലിനായി കല്ലിടൽ പൂർത്തിയാക്കി 08/12/2021-ന് 4(1) വിജ്ഞാപനവും, 27/02/2022-ന് 11(1) വിജ്ഞാപനവും പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. സ്ഥലം ഏറ്റെടുക്കലിനുള്ള ആദ്യ ഗഡു തുകയായ 6.88 കോടി രൂപ കിഫ്‌ബി അനുവദിച്ചിട്ടുള്ളതും ആയത് നിർവ്വഹണ ഏജൻസി 11/04/2024-ന് സ്പെഷ്യൽ തഹസിൽദാർക്ക് കൈമാറിയിട്ടുള്ളതുമാണ്. ഇതിന് പുറമേ സ്പെഷ്യൽ തഹസിൽദാർ അധികമായി ആവശ്യപ്പെട്ട 84.46 ലക്ഷം രൂപ കിഫ്‌ബിയിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.<br><br>14/01/2024-ന് നിർവ്വഹണ ഏജൻസി സമർപ്പിച്ച പാലം നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് അടങ്ങിയ DPR കിഫ്‌ബി അവലോകനം നടത്തി 21/03/2024-ന് നൽകിയ സാങ്കേതിക അവലോകന റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം പരിഷ്കരിച്ച് പുനഃസമർപ്പിക്കുവാൻ നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ